(സി) സംയോജിത സഹകരണ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടം വയനാട് ജില്ലയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി 2015 ഡിസംബർ മാസം ആരംഭിക്കും. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ട പദ്ധതിക്ക് എൻ.സി.ഡി.സി.യിൽനിന്നും അനുവാദം ലഭിച്ചു. ആയതിന് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മൊബൈൽ ത്രിവേണി സ്റ്റോറുകൾ

109 (2310) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര മൊബൈൽ ത്രിവേണി സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നത്; ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സംവിധാനം തകർന്നടിയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പ്രസ്തുത സ്റ്റോറുകളിലൂടെ സാധനങ്ങൾ വിറ്റഴിച്ചിരുന്നത്;

(ഡി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനം പുനരാരംഭിയ്ക്കുവാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ 142 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ 73 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.

(ബി) കൺസ്യൂമർ ഫെഡിന് കഴിഞ്ഞ കാലങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യംമൂലം മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ യഥാസമയം എത്തിക്കുവാൻ കഴിയാതിരുന്നതും മൊബൈൽ ത്രിവേണി സ്റ്റോർ നടത്തുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കഴിയാത്തതും മൊബൈൽ ത്രിവേണികളുടെ സുഗമമായ പ്രവർത്തന പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നന്മ പദ്ധതി നടപ്പിലാക്കിയിരുന്ന കാലയളവിൽ 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ മൊബൈൽ ത്രിവേണികളിലൂടെ പൊതുവിപണിയിൽ നിന്നും 10% മുതൽ 20% വരെ വില കുറച്ച് വിൽപ്പന നടത്തിവന്നിരുന്നു.

(ഡി) ഉണ്ട്. പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനം ഒരു ജില്ലയിലും സ്ഥിരമായോ പൂർണ്ണമായോ നിർത്തലാക്കിയിട്ടില്ല. ഇപ്പോൾ പ്രവർത്തനനിരതമായിരിക്കുന്ന 73 മൊബൈൽ ത്രിവേണി യൂണിറ്റുകളും സജീവമായി പ്രവർത്തിച്ചുവരുന്നു. എന്നാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും സജ്ജമാക്കിയിരുന്ന ബാക്കിയുള്ള 69 യൂണിറ്റുകളുടെ പ്രവർത്തനം ടെസ്റ്റ് വർക്കിനുവേണ്ടിയുള്ള അറ്റകുറ്റപ്പണികളും ഫണ്ടിന്റെ അഭാവംമൂലമുള്ള സാധനങ്ങളുടെ ദൗർലഭ്യവുംമൂലമാണ് തടസ്സപ്പെട്ടിരിക്കുന്നത്. ഇവയിൽ 13 മൊബൈൽ ത്രിവേണികളുടെ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കൺസ്യൂമർഫെഡ് ഓർഡർ നൽകിയിട്ടുണ്ട്. കൂടാതെ പരമാവധി യൂണിറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് ത്വരിതഗതിയിൽ നടപടി സ്വീകരിച്ചു വരുന്നു. ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് കണ്ടസ്യൂമർ ഫെഡിന്റെ വിവിധ ഡിവിഷനുകളുടെ വിൽപ്പന മാർജിൻ ഉപയോഗിച്ചും സർക്കാർ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽ നിന്നും വായ്പകൾ ലഭ്യമാക്കിയും പരമാവധി സ്റ്റോക്ക് യൂണിറ്റുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഉത്തേജന പലിശയിളവ് പദ്ധതി

110(2311) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഉത്തേജന പലിശയിളവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഉത്തേജന പലിശയിളവ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly